# IV Semester B.Com./B.B.M. Examination, May/June 2013
## (Semester Scheme)
## (Prior to 2011-12) (Repeaters)
## MALAYALAM LANGUAGE (Paper – IV)

Time : 3 Hours Max. Marks : 90

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിക്കുക. **(4×5=20)**

1) ആരോ പറഞ്ഞു
മുറിച്ചു മാറ്റാം കേടു
ബാധിച്ചൊരവയവം
പക്ഷേ കൊടും കേടു
ബാധിച്ച പാവം മനസ്സോ ?

2) മോളിലാണവർ, മാനത്തെ മേട –
വീട്ടിലാണക്കഴുകന്മാർ വാഴ്ച
നീളമറ്റ ചിറകുമായ് നമ്മൾ
നേരിടാനോ നിവൃത്തിയില്ലല്ലോ.

3) ഉന്നം തെറ്റാത്ത തോക്കിന്നു –
മായീലാ നിന്നെ വീഴ്ത്തുവാൻ
കേമൻമാരോമനിച്ചാലും
ചെവി വട്ടം പിടിച്ചു നീ.

4) തൃക്കാക്കര മുതൽ
കൊച്ചിത്തുറമുഖം വരെയുള്ള വഴി
ഒരു പഴഞ്ചൊല്ലു പോലെ
നാട്ടു വെളിച്ചം നിറഞ്ഞതായിരുന്നു.

5) ദൈവത്തിന്റെ പാളിപ്പോയ കലയെന്ന് തന്നെക്കുറിച്ച് അദ്ദേഹം പറഞ്ഞു. യാഥാർത്ഥ്യം അതല്ല. ദൈവത്തിന് തന്റെ സൃഷ്ടികളിൽ വെച്ച് എന്നെന്നും അഭിമാനി ക്കാവുന്ന ഒരു കലയാണത്. മഹത്തായത് എന്നും കൂടി അവളുടെ ഹൃദയം കൂട്ടിച്ചേർത്തു.

6) ദൈവം സ്വന്തം പുത്രനെ കുരിശിനു കൊടുക്കുന്നതു കണ്ടിട്ടും പഠിക്കാത്ത ലോക ത്തെയാണോ ഇനിയും ഇതുപോലെ ദുർബ്ബലമായ ഒരു ജീവനെ ഇട്ടു പീഢാനുഭവങ്ങൾ സഹിപ്പിച്ച് പഠിപ്പിക്കുവാൻ ശ്രമിക്കുന്നത്.

40

II. a) **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. **(2×8=16)**

1) 'ഞാനുമിതു പോലെ –
രാത്രിമഴ പോലെ' – ഇതിന്റെ പൊരുള് വ്യക്തമാക്കുക.

2) മക്കളെ വളർത്തിയെടുക്കാൻ തള്ളക്കോഴി അനുഭവിക്കുന്ന കഷ്ടപ്പാടുകൾ എന്തെല്ലാം ?

3) കൊച്ചിയിലെ വൃക്ഷങ്ങൾക്ക് പറയാനുള്ളത് എന്തെല്ലാം ?

b) **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. **(2×8=16)**

1) ദസ്തയേവ്സ്കിയുടെ ജീവിതത്തിൽ ഫെദോസ്യയുടെ സ്വാധീനം എത്രമാത്രമുണ്ടായിരുന്നു ?

2) ചൂതാട്ടവും ചുഴലിരോഗവും – ദെസ്തയേവ്സ്കിയുടെ ജീവിതത്തിൽ ഇതിന് ഒരലൗകിക സ്പർശമുള്ളതുപോലെ തോന്നുന്നു. വിശകലനം ചെയ്യുക.

3) നോവലിന്റെ ആഖ്യാനരീതിയുടെ സവിശേഷതയെന്ത് ?

III. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരം എഴുതുക (**മൂന്ന്-മൂന്നര** പുറത്തിൽ). **(1×15=15)**

1) 'മേഘരൂപൻ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം എഴുതുക.

2) സ്വയം ജീവിക്കാൻ തള്ളക്കോഴി മക്കളെ തയ്യാറാക്കുകയും ഉപദേശിക്കുകയും ചെയ്യുന്നത് എങ്ങനെയെല്ലാം ?

IV. **ഒരു** ചോദ്യത്തിന് ഉത്തരം എഴുതുക (**മൂന്ന്-മൂന്നര** പുറത്തിൽ). **(1×15=15)**

1) ഒരു നോവലിന്റെ തലം വിട്ട് ഒരു ആത്മാലാപത്തിന്റെ നിലയിലേയ്ക്കുയരുകയാണ് പലപ്പോഴും 'ഒരു സങ്കീർത്തനം പോലെ' എന്ന നോവൽ – വിശകലനം ചെയ്യുക.

2) ചൂതുകളി, ചുഴലിരോഗം, മദ്യപാനം എന്നിവയുടെ നേരെ ദസ്തയേവ്സ്കി വച്ചു പുലർത്തുന്ന മനോഭാവങ്ങളെന്തെല്ലാം ?

V. നിങ്ങളുടെ പ്രദേശത്ത് ഒരു സ്റ്റേഡിയം നിർമ്മിച്ചു കിട്ടുന്നതിനുവേണ്ടി ബന്ധപ്പെട്ട അധികാരിക്ക് ഒരു നിവേദനം തയ്യാറാക്കുക. **4**

VI. **ഒരു** വിഷയത്തെക്കുറിച്ച് ലഘുവായി വിവരിക്കുക. **4**

1) നിങ്ങൾ വില കല്പിക്കുന്ന ഒരു ജീവിത മൂല്യം.

2) വിദ്യാർത്ഥികളും വായനാ ശീലവും.

---

**MS – 191**

# IV Semester B.A./B.Sc. Examination, May/June 2013
## (Semester Scheme)
## (Prior to 2011-12) (Repeaters)
## MALAYALAM LANGUAGE (Paper – IV)

Time : 3 Hours Max. Marks : 90

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിക്കുക. **(4×5=20)**

1) ഏറെ നടന്നു തളർന്നൊരു പാന്ഥനീ –
യാറ്റിറമ്പിൽ വന്നിരിക്കേ, തണുത്തൊരു
കാറ്റിന്റെ സാന്ത്വന സ്പർശം, ഒരമ്മതൻ
പാട്ടിന്റെ വാത്സല്യ ചുംബനം

2) കറുക നാമ്പിലും കരിമ്പനയുടെ
നെറുകിലുമൊപ്പം തഴുകുന്നൂ – നിന്റെ
മുളം കുഴലിൽ നീ നിറച്ച തേനെടു –
ത്തിളം ചൊടികളിൽ പകരുന്നൂ

3) ഭയഭക്തികളോലും
നോട്ടങ്ങളതിന്മേൽ പൂ –
മഴ പെയ്തു പോലാദ്യ –
വത്സരങ്ങളിൽ

4) പ്രിയതരമായുള്ളതെല്ലാ –
മൊരു കിനാവിൽ കണ്ടു
നിലവിളിച്ചുണർന്നു നാ –
മിരുട്ടിൽ നോക്കിടുന്നു.

5) മുഴുത്ത കണ്ണുകളിൽ അപേക്ഷ നിറച്ച് ലക്ഷ്മിക്കുട്ടി മുത്തുവേടത്തിയെ നോക്കി. ചാവു തറയിലെ ചത്ത മണ്ണുപോലെ, പാപത്തറയിലെ നരച്ച ആകാശം പോലെ മുത്തു വേടത്തി നിശ്ചലം ഇരിക്കുന്നു.

6) കാത്തിരിപ്പ്. പലതും കാത്തു നില്ക്കുന്നു പുറത്ത്. വാഹനങ്ങൾ, മഞ്ഞ വെളിച്ചമുള്ള ഡോം ലൈറ്റുകൾ, പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ചവർ. ഇതൊരു ചിത്രത്തിന്റെ വിഷയമാണെന്നു തോന്നി.

P.T.O.

119



II. a) **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഓരോന്നും ഒന്നര**പ്പേജിൽ). **(2×6=12)**

1) കാറ്റിന്റെ ശക്തിയെയും മഹത്വത്തെയും കുറിച്ചുള്ള കവിതയിലെ പരാമർശങ്ങളെന്തെല്ലാം ?

2) പുതിയൊരു ഓണപ്പാട്ടു പാടേണ്ടി വരുന്നതിന്റെ ആവശ്യമെന്ത് ?

3) മലങ്കുറത്തിയുടെ സാന്നിധ്യം കേരളക്കര അറിയുന്നതെങ്ങനെ ?

b) **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഓരോന്നും ഒന്നര**പ്പേജിൽ). **(2×6=12)**

1) കണ്ണൻ അവുസേപ്പുചേട്ടന് ഒരു കാളമാത്രമായിരുന്നില്ല – വ്യക്തമാക്കുക.

2) 'കത്തുന്ന ഒരു രഥചക്ര'ത്തിലെ കഥാനായകന്റെ മനസ്സിന്റെ നിർമ്മലവും സൂക്ഷ്മവുമായ തലത്തെ അനാവരണം ചെയ്യുക.

3) രാച്ചിയമ്മ – സ്ത്രീത്വത്തിന്റെ ഒരു സവിശേഷഭാവം – നിരൂപണം ചെയ്യുക.

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്ന്-മൂന്നര** പുറത്തിൽ). **(1×15=15)**

1) 'രാജാവിന്റെ ദുഃഖം' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം എഴുതുക.

2) കാറ്റിനെക്കാണാൻ കാത്തിരുന്ന കുട്ടി കാറ്റിനെ കാണുന്നില്ല. ഈ കാറ്റിന്റെ ചെയ്തികളും വികൃതികളും കവി എങ്ങനെയെല്ലാം ആവിഷ്ക്കരിക്കുന്നു ?

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്ന്-മൂന്നര** പുറത്തിൽ). **(1×15=15)**

1) 'പെരുമഴയുടെ പിറ്റേന്ന് ' എന്ന കഥയ്ക്ക് ഒരു ആസ്വാദനം എഴുതുക.

2) 'പാപത്തറ' യിലെ ലക്ഷ്മിക്കുട്ടിയും മുത്തുവേടത്തിയും – ഈ രണ്ടു കഥാപാത്രങ്ങളെ നിരൂപണം ചെയ്യുക.

V. **ഒന്നിന്റെ** ആശയം വിശദമാക്കുക : **4**

1) പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം.

2) അടിതെറ്റിയാൽ ആനയും വീഴും.

VI. **ഒരു** വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **12**

1) കാർഷിക വികസനത്തിന്റെ ആവശ്യം.

2) തീവ്രവാദം – ഭാരതം നേരിടുന്ന വെല്ലുവിളികൾ.

---